LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതി

20 (*800) ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ജനതയുടെ പുരോഗതിക്കായി എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ വിജയകരമായി നടപ്പിലാക്കിയ തിനാൽ പ്രസ്തുത വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ ലഘൂകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ :

(സി) എങ്കിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത ജനവിഭാഗത്തിനുവേണ്ടിയുള്ള ഓരോ പദ്ധതി നടപ്പാക്കുന്നതിലും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ ഉറപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖപ്രകാരം പന്ത്രണ്ടാം പദ്ധതികാലത്ത് ദുർബല വിഭാഗങ്ങൾക്ക് താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു :

- അർഹരായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടും
- പത്താം ക്ലാസ് പാസ്സായവർക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകി പ്രത്യേക നൈപുണ്യ വികസന (Skill Development) പരിശീലനങ്ങൾ നടപ്പിലാക്കും
- ഒരു കുടുംബത്തിലെ ഒരാളെങ്കിലും സ്വയം തൊഴിൽ മേഖലയിലോ അല്ലെങ്കിൽ സംഘടിത മേഖലയിലോ തൊഴിലുള്ളവരായിരിക്കണം

- കുടുംബാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകും പട്ടികജാതി/പട്ടികവർഗ്ഗ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകും
- ദുർബ്ബല വിഭാഗങ്ങൾക്കിടയിലെ ഭൂരഹിതർക്കായി കരാർ കൃഷിയും കാർഷിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്
- ദുർബ്ബല വിഭാഗങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംവിധാനം ആവിഷ്കരിക്കും
- സർക്കാരിന്റെ ക്ഷേമ പരിപാടികളെക്കുറിച്ച് ദുർബ്ബല വിഭാഗങ്ങളെ ബോധവത്ക്കരിക്കുന്നതിന് ബോധവത്ക്കരണ പരിപാടിക്ക് തുടക്കം കുറിക്കുന്നതാണ്
- വിദേശത്ത് തൊഴിലവസരങ്ങളന്വേഷിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകും
- പട്ടികജാതി/പട്ടികവർഗ്ഗ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളേയും മറ്റ് ഏജൻസികളേയും പ്രോത്സാഹിപ്പിക്കും
- അടുത്ത കാലത്ത് ക്രമീകൃതമായ ന്യൂനപക്ഷക്ഷേമ വകുപ്പിനെ ശക്തിപ്പെടുത്തും
- പ്രശസ്ത ദേശീയ/അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം തേടുന്ന സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ ധനസഹായം നൽകും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്.) നം. 362/13/തസ്വഭവ. തീയതി 16-11-2013) പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്നുണ്ട്. പട്ടികജാതി വിഭാഗക്കാർക്ക് പ്രത്യേക ഘടക പദ്ധതിയും പട്ടിക വർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഇല്ലായ്മകൾ പരിഹരിക്കുന്നതിന് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് പട്ടികജാതി വികസന നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കരട് നയം രൂപീകരിച്ച് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ടിരിക്കുന്നതിനാൽ നയം പൂർണ്ണ രൂപത്തിലായിട്ടില്ല.

പിന്നോക്ക സമുദായ വികസനത്തിനായി പ്രത്യേക നയം രൂപീകരിച്ചിട്ടില്ല.

(ബി&സി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തുന്ന മൊത്തം തുകയുടെ നിശ്ചിത ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയാണ് ചെലവഴിക്കുന്നത്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ വിഭാഗക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുകയും ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയും ചെയ്യുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

പിന്നോക്ക സമുദായങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ ഗ്രാമവികസന വകുപ്പുവഴി നടത്തുന്ന സാമൂഹ്യ സാമ്പത്തിക സെൻസസിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കേ വിലയിരുത്താനാവുകയുള്ളൂ.

മരുന്നുകൾ നശിപ്പിച്ച സംഭവം

21 (*801) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആരോഗ്യ വകുപ്പിന്റെകീഴിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ വ്യാപകമായി കത്തിച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എവിടെയൊക്കെയാണ് അത്തരം സംഭവങ്ങൾ ഉണ്ടായതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly